പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ</u> : 1885      13-7-2011 —ൽ <u>മറുപടിക്ക്</u>

## <u>കേരള സോപ്സ് ആന്റ് ഓയിൽ ലിമിറ്റഡിന്റെ പ്രവർത്തന പുരോഗതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരള സോപ്സ് ആന്റ് ഓയിൽ ലിമിറ്റഡിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി) പ്രസ്തുത സ്ഥാപനം പൂട്ടിക്കിടക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; എന്നു മുതലാണ് പ്രവർത്തനരഹിതമായത്; | (എ) യും (ബി) യും<br>കേരള സോപ്സ് ആന്റ് ഓയിൽ ലിമിറ്റഡിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്. കമ്പനി ലാഭകരമല്ലാത്തതിനാലും സാമ്പത്തിക പരാധീനതമൂലവും 11/2001-ൽ അടച്ചുപൂട്ടി. 5.10.2002-ലെ സ.ഉ.(എം എസ്)100/02/ വ്യവ. നമ്പർ ഉത്തരവു പ്രകാരം ടി കമ്പനി അടച്ചുപൂട്ടുന്നതിനും തന്നിമിത്തമുണ്ടാകുന്ന കടബാദ്ധ്യതകളും മറ്റു ബാദ്ധ്യതകളും തീർക്കുവാനും സർക്കാർ തീരുമാനിച്ചു. |
| (സി) പ്രസ്തുത സ്ഥാപനം എന്നു മുതൽക്കാണ് പുനർപ്രവർത്തനം ആരംഭിച്ചത്; | (സി) പ്രസ്തുത സ്ഥാപനം പുന:പ്രവർത്തനം ആരംഭിച്ചിട്ടില്ല. എന്നാൽ കെ.എസ്.ഐ.ഇ.-യുടെ കീഴിൽ കേരള സോപ്സ് എന്ന പേരിൽ ഒരു പുതിയ സോപ്പ് നിർമ്മാണ യൂണിറ്റ് 1/1/2010 മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| (ഡി) പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചുവരുന്നത്; | (ഡി) ഉല്പാദന വിപണന മേഖലകളിൽ മെച്ചപ്പെട്ട സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) കൂടുതൽ പരസ്യത്തിനും വില്പനയ്ക്കുമായി മൊബൈൽ വില്പനശാലകളും ചില്ലറ വില്പനശാലകളും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) ഇക്കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ